## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. T 3235

29.01.2014 - ൽ മറുപടിക്ക്

### വിദ്യാഭ്യാസ വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ.കെ. വിജയൻ | | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | വിദ്യാഭ്യാസ വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ ; | (എ) | പഠന കാലയളവിനുശേഷം ഒരു വർഷം പൂർത്തിയാക്കുന്നതു മുതലോ ജോലി കിട്ടി ആറുമാസം പൂർത്തിയാകുന്നത് മുതലോ, ഇതിൽ ഏതാണൊ ആദ്യം അന്നു മുതൽ വിദ്യാഭ്യാസ വായ്പയുടെ തിരിച്ചടവ് ആരംഭിക്കേണ്ടതാണ്. |
| (ബി) | ഏതെല്ലാം സാഹചര്യങ്ങളിലാണ് ഇത്തരം വായ്പകൾ എഴുതിത്തള്ളാറുള്ളത് ; വിശദാംശം നൽകാമോ ; | (ബി) | വിദ്യാഭ്യാസ വായ്പ എഴുതിത്തള്ളുന്ന സ്കീം നിലവിലില്ല. |

(---------2)

| | |
|---|---|
| (സി) വിദ്യാഭ്യാസ വായ്പ എടുത്ത പഠിതാവ് അകാലത്തിൽ മരണപ്പെട്ടാൽ വായ്പ തിരിച്ചടയ്ക്കുന്നതിന് ഇളവു വരുത്തിയിട്ടുണ്ടോ ; | (സി) (ഡി) വിദ്യാഭ്യാസ വായ്പ എടുത്ത പഠിതാവ് അകാലത്തിൽ മരണപ്പെട്ടാൽ വായ്പ തിരിച്ചടയ്ക്കുന്നതിന് നിയമപ്രകാരം ഇളവുകളൊന്നുമില്ല. എന്നാൽ അത്തരം കേസുകളിൽ മാനുഷിക പരിഗണന നൽകി, അതാതു ബാങ്കിന്റെ നിയമ വ്യവസ്ഥകൾക്ക് ഉള്ളിൽ നിന്നുകൊണ്ട് അനുഭാവപൂർവ്വം പരിഗണിക്കണമെന്നും കഴിയുന്നത്ര സഹായം നൽകണമെന്നും സംസ്ഥാനതല ബാങ്കേഴ്സ് സമിതി ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് കൂടാതെ വിദ്യാഭ്യാസ വായ്പ എടുക്കുന്ന കുട്ടികൾക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്താൻ അതാതു ബാങ്കുകൾ മുൻകൈ എടുക്കണമെന്നും സംസ്ഥാനതല ബാങ്കേഴ്സ് സമിതി ബാങ്കുകൾക്ക് ഉപദേശം നൽകിയിട്ടുണ്ട്. |
| (ഡി) ഇല്ലെങ്കിൽ ഇത്തരം കേസുകളിൽ ഇളവു വരുത്തി വായ്പ തിരിച്ചടവിൽ നിന്നും ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ ? | |

സെക്ഷൻ ഓഫീസർ